പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2140 **26-10-2026-ൽ മറുപടിയ്ക്ക്**

ഇ-മാലിന്യ സംസ്കരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിഷ്ണു മോഹൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) ഓരോ വർഷവും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇ-മാലിന്യത്തിന്റെ അളവ് സംബന്ധിച്ച കണക്കുകൾ കൈവശമുണ്ടോ; വിശദമാക്കുമോ;

മറുപടി: കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (CPCB) റിപ്പോർട്ട് പ്രകാരം, 2024-25 കാലയളവിൽ കേരളത്തിൽ പ്രതിവർഷം 2,077.34 മെട്രിക് ടൺ (MT) ഇ-മാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്നതായാണ് കണക്ക്.

(ബി) കേരളത്തെ സീറോ ഇ-വേസ്റ്റ് സംസ്ഥാനമാക്കി മാറ്റുന്നതിനായി പ്രത്യേക പദ്ധതികളോ സ്റ്റാർട്ടപ്പുകളോ പരിഗണനയിലുണ്ടോ; എങ്കിൽ പദ്ധതികളുടെ വിശദാംശവും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കുമോ;

മറുപടി: ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ പാലക്കാട് കഞ്ചിക്കോട് ഇ-മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമാണം പുരോഗമിച്ചുവരുന്നു. 'നിർമ്മലം – പുതുയുഗ ശുചിത്വ കേരളം' ക്യാമ്പയിന്റെ ഭാഗമായി വരും വർഷങ്ങളിൽ കൂടുതൽ ഇ-മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും സർക്കാർ ഓഫീസുകൾ, മറ്റ് സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് പ്രത്യേക ഡ്രൈവുകളിലൂടെയും നിശ്ചിത കലണ്ടർ പ്രകാരവും ഇ-മാലിന്യം ശേഖരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അംഗീകൃത ഇ-മാലിന്യ പുനഃചംക്രമണ/സംസ്കരണ കേന്ദ്രങ്ങൾ നിലവിലുണ്ടോ; സർക്കാർ സ്ഥാപനങ്ങളിൽ ഉപയോഗശൂന്യമായ ഇ-മാലിന്യം സംഭരിക്കുന്നതിനും ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പ്രത്യേക മാർഗനിർദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മറുപടി: സർക്കാർ സ്ഥാപനങ്ങളിലെ ഇ-മാലിന്യത്തിന്റെ ശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നിവയ്ക്കുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജിയർ (SoP) അംഗീകരിച്ച് 19.10.2025 തീയതിയിലെ സ.ഉ.(സാധാ) നം. 2531/2025/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ